ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് ആകെ 182,50,17,694 (നൂറ്റി എൺപത്തിരണ്ട് കോടി അൻപത് ലക്ഷത്തി പതിനേഴായിരത്തി അറുന്നൂറ്റിതൊണ്ണൂറ്റിനാല് രൂപ) ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

സ്വകാര്യ സ്വാശ്രയ കോളേജുകളിൽ മിതമായ ഫീസിൽ പഠിക്കുവാൻ അവസരം കിട്ടിയ വിദ്യാർത്ഥികൾ

97 (2105) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ ന്നതിനുശേഷം സ്വകാര്യ സ്വാശ്രയ കോളേജുകളിൽ സംവരണതത്വം പാലിച്ചുകൊണ്ട് മിതമായ ഫീസിൽ എം.ബി.ബി.എസ്, ബി.ഡി.എസ്., എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കാൻ എത്ര വിദ്യാർത്ഥികൾക്ക് അവസരം നൽകിയിട്ടുണ്ട് ;

(ബി) ഓരോ വിഭാഗത്തിന്റെയും എണ്ണം വേർതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അസിസ്റ്റന്റ് ഗ്രേഡ് നിയമനം

98 (2108) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ നിയമനം ലഭിച്ചവരുടെ സംവരണാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇതിൽ ജോലിയിൽ പ്രവേശിക്കാത്തവരുടെയും ജോലിയിൽ പ്രാവേശിച്ചശേഷം പിരിഞ്ഞുപോയവരുടെയും വിശദാംശം നൽകുമോ ;

(സി) ഇതിനുപകരമായി നിയമനം നൽകിയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സർവ്വകലാശാലയിൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ പുതിയതായി എത്ര തസ്തിക അനുവദിച്ചുവെന്നും എന്നു മുതൽ അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly